പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.497 25.10.2016-ൽ മറുപടിയ്ക്ക്

## പ്ലേ ഫോർ ഹെൽത്ത് പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്ലേ ഫോർ ഹെൽത്ത് പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പ്ലേ ഫോർ ഹെൽത്ത് പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിനും വിവിധ കായികഇനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) ഒന്നു മുതൽ നാലുവരെ ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും മിനിമം കായികക്ഷമത ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്കൂളുകളിൽ ഒരു ക്ലാസ്സ് റൂമിനകത്ത് സംഗീത സംവിധാനത്തോടുകൂടി കായിക ഉപകരണങ്ങൾ സജ്ജീകരിച്ച് വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ആഴ്ചയിൽ കുറഞ്ഞത് രണ്ടുദിവസം 45 മിനിട്ടുവീതം കായിക ഉപകരണങ്ങളുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനാൽ കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കൊത്ത കളികളിൽ ഏർപ്പെടുവാൻ സാധിക്കുന്നു. |

Mary M

സെക്ഷൻ ഓഫീസർ